# 2015-16

## സംസ്ഥാന ബജറ്റ്:
# ദലിതരും ആദിവാസികളും



# 2015-16

## സംസ്ഥാന ബജറ്റ്
## ദലിതരും ആദിവാസികളും

RIGHTS

**2015-16 Samsthana Budjet, Dalitarum adivasikalum**

**Research Team**

Ajayakumar VB
Riyasudheen A
Radhalekshmi DO

**Publisher**

RIGHTS, Trivandrum

**Cover and Layout**

Renjith Puthenchira

**Illustration**

E.V Anil

For private circulation only

This report was written for the benefit of the marginalized communities in Kerala
and may be quoted from or copied
so long as the source are acknowledged

RIGHTS

**RIGHTS**
TC 16/1051, JRA-163, CS Road, Jagathy,
Trivandrum 14
Tel: 0471 2326455, 9895853646
rightsfirst@gmail.com
www.rights.asia

# പ്രസാധകക്കുറിപ്പ്

കണക്കുകൾ അറിയുകയെന്നതും കണക്കു ചോദിക്കുക എന്നതും ദലിതുകളെയും ആദിവാസികളെയും സംബന്ധിച്ചിടത്തോളം ഒരു ജനാധിപത്യപ്രവർത്തനമാണ്. ബജറ്റിൽ മാറ്റിവെക്കുന്ന തുക എങ്ങനെ ചിലവഴിക്കണമെന്ന് അറിയാനുള്ള അവകാശം ദലിതർക്കും ആദിവാസികൾക്കും ഉണ്ട്. ബജറ്റ് വിഹിതത്തിന്റെ ഓരോ രൂപയും എങ്ങനെ ചെലവഴിക്കണമെന്ന് അവർ തീരുമാനിക്കുന്ന തലത്തിലേക്ക് വികസന അജണ്ടകൾ പൊളിച്ചെഴുതണം.

മനുഷ്യാവകാശ പ്രവർത്തനരംഗത്ത് പ്രത്യേകിച്ചും കുട്ടികളുടെയും ദളിത് - ആദിവാസി - മത്സ്യബന്ധന സമുദായങ്ങളുടെയും അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് പഠന—ഗവേഷണ-മോണിറ്ററിംഗ് പ്രവർത്തനങ്ങൾ നടത്തിവരുന്ന സംഘടനയാണ് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന RIGHTS

ബജറ്റ് സാമൂഹിക പുരോഗതിയുടെ ഒരു നിർണ്ണായക ഉപാധി എന്ന നിലയിൽ RIGHTS നടത്തിവരുന്ന ബജറ്റ് മോണിറ്ററിംഗ് പ്രവർത്തനങ്ങളുടെ ഭാഗമായി, 2015-16 വർഷത്തെ സംസ്ഥാന ബജറ്റിലെ പട്ടികജാതി-പട്ടികവർഗ്ഗ ഘടക പദ്ധതികളെ അടിസ്ഥാനമാക്കിയുള്ള ഈ റിപ്പോർട്ട് ചർച്ചകൾക്കായി സമർപ്പിക്കുന്നു. ദളിതരുടെയും ആദിവാസികളുടെയും സാമൂഹിക സാമ്പത്തിക മുന്നേറ്റങ്ങൾക്ക് ഈ ചെറുപഠനത്തിലെ വിവരങ്ങൾ സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

റൈറ്റ്സ് പ്രവർത്തകർ

തിരുവനന്തപുരം
22.03.2015



സംസ്ഥാനം ഭരിക്കുന്ന സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കുന്ന ബജറ്റ് ഒരേ സമയം ഒരു നിയമവും, ജനങ്ങളോട് നടത്തുന്ന ഒരു വാഗ്ദാനവുമാണ്. സമൂഹത്തിലെ അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം എന്ത് വാഗ്ദാനമാണ് സർക്കാർ നൽകുന്നത് എന്നും മുൻവർഷങ്ങളിൽ നൽകിയത് എത്രമാത്രം പ്രാവർത്തികമാക്കപ്പെട്ടു എന്നതും അതുകൊണ്ട് തന്നെ നിർണ്ണായകമാണ്. പഞ്ചവത്സര പദ്ധതികളുടെ ഗുണഫലം ദളിതരിലും ആദിവാസികളിലും എത്തിയില്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ 1970കളിൽ കേന്ദ്രസർക്കാർ ദീർഘമായ കൂടിയാലോചനകൾക്ക് ശേഷം ആവിഷ്ക്കരിച്ചതാണ് പട്ടികജാതി പ്രത്യേക ഘടകപദ്ധതിയും SCSP - Sheduled cast sub plan) പട്ടികവർഗ്ഗ ഘടക പദ്ധതിയും TSP (Tribal Sub Plan) ദുർബല വിഭാഗങ്ങളുടെ സാമൂഹ്യ സമത്വം വിഭാവനം ചെയ്യുന്ന ഭരണഘടനാ അനുഛേദം 46 ന്റെ പശ്ചാത്തലത്തിൽ കൂടിയാണ് ഈ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെട്ടത്. അതിനുശേഷം കഴിഞ്ഞ നാല് ദശകങ്ങൾക്കുള്ളിൽ നിരവധിയായ കൂട്ടിച്ചേർക്കലുകളും മാർഗ്ഗനിർദ്ദേശങ്ങളും ഈ പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരും പ്ലാനിംഗ്കമ്മീഷനും മറ്റ് വിവിധ വകുപ്പുകളും പുറപ്പെടുവിച്ചിട്ടുണ്ട്. ദളിതരുടെയും ആദിവാസികളുടെയും ജനസംഖ്യയ്ക്ക് ആനുപാതികമായ തുക വാർഷിക പദ്ധതിയിൽ നീക്കി വയ്ക്കണമെന്നും അവ പൂർണ്ണമായി വിനിയോഗിക്കണമെന്നും ലാപ്സാക്കരുത് എന്നുമാണ് ഈ മാർഗ്ഗ നിർദ്ദേശങ്ങളുടെ എല്ലാം കാതൽ. മാത്രവുമല്ല ദളിതരുടെയും ആദിവാസികളുടെയും വിദ്യാഭ്യാസ ഉന്നമനത്തിനും ആരോഗ്യ പരിരക്ഷയ്ക്കും സാമ്പത്തിക-സ്വാശ്രയത്വത്തിനും ആസ്തി വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന രിതിയിൽ പദ്ധതികൾ നടപ്പിലാക്കണമെന്നും ഈ മാർഗ്ഗരേഖകൾ പറയുന്നു.

**ദളിതരുടെയും ആദിവാസികളുടെയും ജനസംഖ്യയ്ക്ക് ആനുപാതികമായ തുക വാർഷികപദ്ധതിയിൽ നീക്കി വയ്ക്കണമെന്നും അവ പൂർണ്ണമായി വിനിയോഗിക്കണമെന്നും ലാപ്സാക്കരുത് എന്നുമാണ് ഈ മാർഗ്ഗ നിർദ്ദേശങ്ങളുടെ എല്ലാം കാതൽ.**

## സംസ്ഥാന ബജറ്റും SCP യും

2011 ലെ സെൻസസ് പ്രകാരം 3039573 പട്ടികജാതിക്കാരാണ് കേരളത്തിൽ ഉള്ളത്. ഇത് കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 9.10% വരും കഴിഞ്ഞ സെൻസസിനെക്കാൾ 0.7% കുറവ് പട്ടികജാതി ജനസംഖ്യയിൽ

| നമ്പർ | ജില്ല | ആകെ ജനസംഖ്യ | പട്ടികജാതി ജനസംഖ്യ | | സംസ്ഥാന ജനസംഖ്യയിൽ പട്ടികജാതി വിഭാഗങ്ങൾ |
|---|---|---|---|---|---|
| | | | എണ്ണം | % | |
| 1 | തിരുവനന്തപുരം | 3301427 | 372977 | 12.27 | 11.3 |
| 2 | കൊല്ലം | 2635375 | 328263 | 10.80 | 12.46 |
| 3 | പത്തനംതിട്ട | 1197412 | 164465 | 5.41 | 13.74 |
| 4 | ആലപ്പുഴ | 2127789 | 201211 | 6.62 | 9.46 |
| 5 | കോട്ടയം | 1974551 | 153909 | 5.06 | 7.79 |
| 6 | ഇടുക്കി | 1108974 | 145486 | 4.79 | 13.12 |
| 7 | എറണാകുളം | 3282388 | 268411 | 8.83 | 8.18 |
| 8 | തൃശ്ശൂർ | 3121200 | 324350 | 10.67 | 10.39 |
| 9 | പാലക്കാട് | 2809934 | 403833 | 13.29 | 14.37 |
| 10 | മലപ്പുറം | 4112920 | 308266 | 10.14 | 7.5 |
| 11 | കോഴിക്കോട് | 3086293 | 199191 | 6.55 | 6.45 |
| 12 | വയനാട് | 817420 | 32578 | 1.07 | 3.99 |
| 13 | കണ്ണൂർ | 2353003 | 83350 | 2.74 | 3.3 |
| 14 | കാസർഗോഡ് | 1307375 | 53283 | 1.75 | 4.08 |
| | ആകെ | 33406061 | 3039573 | 100 | 9.10 |

ഉണ്ടായിട്ടുണ്ട്. ഇത് പ്രധാനമായും പട്ടികജാതി ലിസ്റ്റിലുണ്ടായിരുന്ന ചില സമുദായങ്ങൾ പുതിയ സെൻസസ് കാലയളവിൽ പട്ടികവർഗ്ഗലിസ്റ്റിലേക്ക് മാറിയതുകൊണ്ടാണ്.

സർക്കാർ രേഖകൾ പ്രകാരം 53 പട്ടികജാതി സമുദായങ്ങൾ ആണ് കേരളത്തിൽ ഉള്ളത്. പാലക്കാട് ജില്ലയിലാണ് കേരളത്തിലെ ഏറ്റവും കൂടുതൽ പട്ടികജാതി ജനസംഖ്യയുള്ളത് (13.29%). പാലക്കാട്, തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം എന്നി അഞ്ച് ജില്ലകളിലാണ് 57.17% പട്ടികജാതിക്കാർ താമസിക്കുന്നത്. കേരളത്തിൽ നടന്ന ഭൂപരിഷ്ക്കരണ പ്രക്രിയയിൽ പുറത്താക്കപ്പെട്ട വിഭാഗമെന്ന നിലയിൽ ഭൂരിഭാഗം ദളിതരും താമസിക്കുന്നത് കേരളത്തിലെ ഇരുപത്തി ആറായിരത്തോളം വരുന്ന പട്ടികജാതി സങ്കേതങ്ങളിലും കോളനികളിലും ആണ്.

| 2015-16 ബജറ്റ് | പദ്ധതി അടങ്കൽ (കോടിയിൽ) | സംസ്ഥാനം | കേന്ദ്രാവിഷ്കൃതം | ആകെ |
|---|---|---|---|---|
| | 2015-16 | 20,000 | 7686.32 | 27686.32 |
| | SCP | 1968.5 | 447.32 | 2415.82 |
| | SCP (%) | 9.84 | 5.82 | 8.73 |

2015-16 സംസ്ഥാന ബജറ്റിൽ സംസ്ഥാന വാർഷിക പദ്ധതി 20,000 കോടി രൂപയും കേന്ദ്രാവിഷ്കൃത വാർഷിക പദ്ധതികൾ 7686.32 കോടി രൂപയുമാണ്. സംസ്ഥാനത്തിന്റെ മൊത്ത വാർഷിക പദ്ധതി 27989.32 കോടി രൂപയാണ്. സംസ്ഥാന പദ്ധതിയിൽ പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായി 9.84% തുക വകയിരുത്തിയിട്ടുണ്ടെങ്കിലും സംസ്ഥാനത്തിൽ മൊത്തം പദ്ധതിയടങ്കൽ പരിശോധിക്കുമ്പോൾ 8.73% തുകയാണ് S.C.Pക്കായി നീക്കിവെച്ചിരിക്കുന്നത്. അത് ജനസംഖ്യാനുപാതികമായി പരിശോധിക്കുമ്പോൾ അൽപം കുറവാണ്. S.C.P വിഹിതത്തിൽ 1488.24 കോടി രൂപ പട്ടിക ജാതി വികസന വകുപ്പിനും 927.58 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്കുമായി നീക്കിവച്ചിരിക്കുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 1488.24 കോടിയിൽ 196 കോടി രൂപ മൂലധന ചിലവാണ്. പട്ടികജാതി വികസന

| പട്ടികജാതി വകുപ്പിന് ലഭ്യമായ തുക (കോടിയിൽ) | വിദ്യാഭ്യാസം | അടിസ്ഥാന സൗകര്യ വികസനം | സംരംഭകത്വം, മറ്റ് ക്ഷേമകാര്യ പരിപാടികൾ | ഭരണവും നടത്തിപ്പും |
|---|---|---|---|---|
| 1488.24 | 598.39 (40.21%) | 531.84 (35.74%) | 138.4 (9.29%) | 219.61 (14.76%) |

വകുപ്പിന്റെ 26 പദ്ധതികളെ പൊതുവായി വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം, വികസന പരിപാടികൾ, സംരംഭകത്വം, മറ്റ് ക്ഷേമപ്രവർത്തനങ്ങൾ, ഭരണവും നടത്തിപ്പും എന്നിങ്ങനെ നാലായി തരംതിരിക്കാം. ഇതിൽ വിദ്യാഭ്യാത്തിനായി 40.21%വും ഭവനനിർമ്മാണം ഭൂമി വാങ്ങൽ തുടങ്ങിയ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 35.74% വും സംരംഭകത്വം മുതലായവക്കായി 9.29%വും കോർപ്പസ് ഫണ്ട്, ഭരണകാര്യങ്ങൾ എന്നിവക്കായി 14.76% തുകയുമാണ് അനുവദിച്ചിട്ടുള്ളത്.

**ഭൂരിഭാഗം ദളിതരും താമസിക്കുന്നത് കേരളത്തിലെ ഇരുപത്തി ആറായിരത്തോളം വരുന്ന പട്ടികജാതി സങ്കേതങ്ങളിലും കോളനികളിലും ആണ്.**



# വിദ്യാഭ്യാസം

S.C.P യിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തുന്ന (598.39കോടി) വിദ്യാഭ്യാസത്തിന്റെ വിശദാംശങ്ങളാണ് പട്ടികയിൽ കൊടുത്തിട്ടുള്ളത്. S.C.Pയിൽ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിരിക്കുന്നതിൽ 161 കോടി മൂലധന ചിലവുകൾക്കാണ് (26.91%). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾക്ക് 3.8കോടി രൂപയും (0.64%) ബാക്കി 433.59 കോടി രൂപ വകുപ്പ് നേരിട്ട് നടത്തുന്ന പദ്ധതികൾക്കുമായാണ് ചിലവഴിക്കുന്നത്.

| | ഇനം | തുക (കോടിയിൽ) | % |
|---|---|---|---|
| വിദ്യാഭ്യാസപദ്ധതികൾ | സ്ക്കോളർഷിപ്പുകളും, സ്റ്റൈപ്പന്റുകളും | 250 | 41.77 |
| | പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ (100% കേന്ദ്രാവിഷ്കൃതം) | 0.19 | 0.03 |
| | 9.10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രാവിഷ്കൃതം) | 20 | 3.34 |
| | വെള്ളായണി-അയ്യൻകാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്ക്കൂൾ ഉൾപ്പെടെ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളുടെ പരിപാലനം | 13 | 2.17 |
| | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | 150 | 25.07 |
| | അനാരോഗ്യചുറ്റുപാടുകളിൽ പണിയെടുക്കുന്ന വരുടെ മക്കൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് | 0.40 | 0.07 |
| | തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നവ | 3.8 | 0.64 |
| | മൂലധന ചിലവ് | 161 | 26.91 |
| | ആകെ | 598.39 | 100 |

**പ്രാഥമികവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ഈ നാമമാത്രമായ ബജറ്റ് സാരമായി ബാധിക്കുന്നുവെന്ന കാര്യത്തിൽ തർക്കമില്ല.**



| വിദ്യാഭ്യാസം ചെയ്യുന്ന ആകെ പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികൾ – 5,22,676 | | | | | | | |
|---|---|---|---|---|---|---|---|
| പ്രീമെട്രിക് | | | | പോസ്റ്റ് മെട്രിക് | | | |
| കുട്ടികൾ | % | വകയിരുത്തിയ തുക (കോടിയിൽ) | % | ആകെ കുട്ടികൾ | % | വകയിരുത്തിയ തുക (കോടിയിൽ) | % |
| 435946 | 81.5 | 48.39 | 8.09 | 96730 | 18.16 | 550 | 91.91 |

കേരളത്തിലെ പട്ടികജാതി വിദ്യാർത്ഥികളിൽ 81.5%വും പത്തും പത്താംക്ലാസിന് താഴെയുള്ളവരുമാണ്. പത്താംക്ലാസിന് മുകളിലുള്ള +2, ഡിഗ്രി മറ്റുവിഭാഗങ്ങളിലായി പഠിക്കുന്നവർ 18.16%മാണ്. ഈ കണക്കുകളുടെ പശ്ചാത്തലത്തിൽ S.C.Pയിലെ വിദ്യാഭ്യാസ വിഹിതം പരിശോധിച്ചാൽ ഉയർന്ന ക്ലാസിൽ പഠിക്കുന്ന 18 ശതമാനം വിദ്യാർത്ഥികൾക്ക് ബജറ്റിന്റെ 92 ശതമാനവും താഴ്ന്നക്ലാസിൽ പഠിക്കുന്ന 82% വിദ്യാർത്ഥികൾക്ക് ബജറ്റിന്റെ 8% തുകയും ലഭ്യമാകുന്ന നിലയാണുള്ളത്. ഉയർന്ന ക്ലാസ്സിലെ കുട്ടികൾക്ക് ആവശ്യത്തിൽ കൂടുതൽ തുക ലഭ്യമാകുന്നുവെന്ന് ഇതിനർത്ഥമില്ല. അനുവദിക്കപ്പെട്ട തുക ഇങ്ങിനെയാണ് തിരിച്ചിരിക്കുന്നത് എന്ന് മാത്രം. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ഈ നാമമാത്രമായ ബജറ്റ് സാരമായി ബാധിക്കുന്നുവെന്ന കാര്യത്തിൽ തർക്കമില്ല.

**28274 ഭവനങ്ങൾ പൂർത്തീകരിക്കാനാണ് അതാത് വർഷത്തെ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് എങ്കിലും കേവലം 12278 അതായത് വിഭാവനം ചെയ്തതിന്റെ 43.46% മാത്രമാണ് പൂർത്തീകരിക്കാനായത്.**



## ഭവനം

വകയിരുത്തുന്ന തുക ചെലവാക്കുന്നില്ല എന്നതാണ് SCP ഫണ്ട് വിനിയോഗത്തിലെ ഒരു പ്രധാന പ്രതിസന്ധി. 2009-10 സാമ്പത്തിക വർഷം മുതൽ 2012-13 വരെയുള്ള നാല് സാമ്പത്തിക വർഷങ്ങളിൽ 28274 ഭവനങ്ങൾ പൂർത്തീകരിക്കാനാണ് അതാത് വർഷത്തെ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് എങ്കിലും 12278 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. അതായത് വിഭാവനം ചെയ്തതിന്റെ 43.46% മാത്രമാണ് ലക്ഷ്യം കണ്ടത്.

| വർഷം | അനുവദിച്ചത് | പൂർത്തിയായത് | % |
|---|---|---|---|
| 2009 -10 | 12753 | 8451 | 66.27 |
| 2010-11 | 7021 | 2160 | 30.76 |
| 2011-12 | 3500 | 416 | 11.89 |
| 2012-13 | 5000 | 1251 | 25.02 |
| ആകെ | 28274 | 12278 | 43.46 |

## പാലക്കാട് മെഡിക്കൽ കോളേജും SCPയും

150 കോടി രൂപയാണ് പാലക്കാട് മെഡിക്കൽ കോളേജിന് വേണ്ടിമാത്രമായി SCP ഫണ്ടിൽ നിന്നും മാറ്റി വയ്ക്കുന്നത്. ഇത് SCPയുടെ സംസ്ഥാന വാർഷിക പദ്ധതിയുടെ 7.6%വും SCP യിലുള്ള വിദ്യാഭ്യാസത്തിലെ 25.06%വുമാണ്. ഇത്രയും വലിയ തുക ഒരു പൊതു ആവശ്യത്തിനായി നീക്കി വയ്ക്കുന്നതിൽ ഗുരുതരമായ ചില പ്രശ്നങ്ങളുണ്ട്. പാലക്കാട് മെഡിക്കൽ കോളേജിന്റെ വെബ് സൈറ്റിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ പ്രകാരം 2011 വർഷത്തിൽ യോഗ്യതയുള്ള 484 അപേക്ഷകൾ ഉണ്ടായിരുന്നെങ്കിലും 125 പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് മാത്രമാണ് മെഡിസിന് അഡ്മിഷൻ ലഭിച്ചത്. ആകെ 2850 സീറ്റുകളാണ് മെഡിക്കൽ അഡ്മിഷനുള്ളത്. ഇതിൽ 285 എണ്ണം പട്ടികജാതി പട്ടികവർഗ്ഗ സംവരണപ്രകാരം ആ വിഭാഗത്തിൽ പെട്ടവർക്ക് അവകാശപ്പെട്ടതാണ്. എന്നിട്ട് പോലും 125 കുട്ടികളെ മാത്രം അഡ്മിറ്റ് ചെയ്യാനായത് സ്വാശ്രയ കോളേജുകൾ സർക്കാർ നിയമങ്ങൾ അനുസരിക്കാത്തത്

**100 സീറ്റുകളുള്ള പാലക്കാട് മെഡിക്കൽ കോളേജിൽ 70% സീറ്റുകൾ പട്ടികജാതിക്കാർക്കും ബാക്കിയുള്ളവ പൊതു വിഭാഗത്തിനും എന്നാണ് തുടക്കത്തിൽ പറഞ്ഞിരുന്നതെങ്കിലും ഇത് എവിടേയും ഒരു ഉത്തരവായോ രേഖയായോ സർക്കാർ പുറത്തിറക്കിയിട്ടില്ല.**



മൂലമാണ്. സർക്കാർ നിയമങ്ങൾ അനുസരിക്കാത്ത സ്വാശ്രയ കോളേജുകൾ ക്കെതിരെ നിയമാനുസൃത നടപടികൾ എടുക്കാതെ പട്ടികജാതി കുട്ടികളെ പഠിപ്പിക്കാനായി പുതിയ ഒരു കോളേജ് തുടങ്ങണമെന്ന വിചിത്രമായ ന്യായ മാണ് പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങാനായി സർക്കാർ മുന്നോട്ട് വയ്ക്കുന്നത്. 100 സീറ്റുകളുള്ള പാലക്കാട് മെഡിക്കൽ കോളേജിൽ 70% സീറ്റു കൾ പട്ടികജാതിക്കാർക്കും ബാക്കിയുള്ളവ പൊതുവിഭാഗത്തിനും എന്നാണ് തുടക്കത്തിൽ പറഞ്ഞിരുന്നതെങ്കിലും ഇത് എവിടേയും ഒരു ഉത്തരവായോ രേഖയായോ സർക്കാർ പുറത്തിറക്കിയിട്ടില്ല. മാത്രവുമല്ല സംസ്ഥാന പ്രവേശ ന പരീക്ഷാ കൺട്രോളർ വർഷാവർഷം പ്രവേശന പരീക്ഷയ്ക്ക് മുന്നോടിയാ യി പ്രസിദ്ധീകരിക്കുന്ന പ്രോസ്പെക്ടസ്സിലോ അനുബന്ധ രേഖയിലോ ഈ വിഷയത്തെക്കുറിച്ച് ഒന്നും തന്നെ പറയുന്നില്ല. പാലക്കാട് മെഡിക്കൽ കോളേജ് വെബ് സൈറ്റ് തന്നെ അവകാശപ്പെടുന്നത് 'ഭൂരിപക്ഷം' കുട്ടികളെയും പട്ടികജാതിയിൽ നിന്നും അഡ്മിറ്റു ചെയ്യും എന്നു മാത്രമാണ്. അഡ്മിഷൻ ആരംഭിച്ച കഴിഞ്ഞ വർഷം തന്നെ വാഗ്ദാനം ചെയ്ത രീതിയിൽ പട്ടികജാതിയിൽപെട്ട കുട്ടികൾക്ക് അഡ്മിഷൻ നൽകിയില്ലെന്ന് ആരോപിച്ച് ഇപ്പോൾ തന്നെ കേസ് നിലവിലുണ്ട്. മെഡിക്കൽ കോളജിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഇത്രയും വലിയ തുക ചെലവഴിക്കുന്നത് വരും വർഷങ്ങളിലും വലിയ ബാധ്യതയാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഒരു പൊതു ആവശ്യത്തിന് SCSP ഫണ്ടിൽ നിന്ന് പണം വിനിയോഗിക്കുന്നതിലെ ധാർമ്മികത ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

## SCSPയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും

SCSPയുടെ വാർഷിക പദ്ധതി അടങ്കലിന്റെ 38.4%വും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതമായിട്ടാണ് മാറ്റിവയ്ക്കുന്നത്. സംസ്ഥാന

| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | ആകെ തുക വകയിരുത്തിയത് (കോടിയിൽ) | SCP വകയിരുത്തിയത് | % SCP യിൽ |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2685.59 | 478.63 | 51.59 |
| ബ്ലോക്ക് പഞ്ചായത്ത് | 622.98 | 159.54 | 17.19 |
| ജില്ലാപഞ്ചായത്ത് | 622.98 | 159.54 | 17.19 |
| മുനിസിപ്പാലിറ്റി | 491.38 | 71.42 | 7.69 |
| കോർപ്പറേഷൻ | 377.05 | 58.44 | 6.30 |
| ആകെ | 4800.00 | 927.58 | 100 |

ത്ത് വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയുടെ ഭാഗമായി സർക്കാർ പഞ്ചായത്തിനായി നീക്കി വച്ചിരിക്കുന്ന മൊത്തം വിഹിതത്തിന്റെ 19.32%വും SCSP ഫണ്ടാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വച്ചിരിക്കുന്ന തുകയിൽ ഗ്രാമ പഞ്ചായത്തുകൾക്ക് 51.59%വും ബ്ലോക്ക്, ജില്ലാ പഞ്ചായത്തു കൾക്ക് 17.19% വീതവും മുൻസിപ്പാലിറ്റികൾക്ക് 7.96%വും കോർപ്പറേഷനുകൾക്ക് 6.3% വീതവുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വച്ചിരിക്കുന്ന ഈ തുക ജനസംഖ്യാടിസ്ഥാനത്തിൽ വേർതിരിച്ചു നൽകുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചിരിക്കുന്നത്. 478.63കോടി രൂപ കേരളത്തിലെ 1000ഓളം വരുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് അതാത് ഇടങ്ങളിലുള്ള ജനസംഖ്യയുടെ അനുപാതത്തിൽ വിഭജിച്ച് നൽകുന്നു. അതാത് പഞ്ചായത്തിലെ പ്രത്യേക അവസ്ഥകളോ പ്രാദേശിക അസന്തുലിതത്വങ്ങളോ പിന്നാക്കാവസ്ഥയുടെ മറ്റ് ഘടകങ്ങളോ പരിഗണിക്കാതെ നടത്തുന്ന ഈ തുക വകയിരുത്തൽ പട്ടിക ജാതി വിഭാഗങ്ങൾക്ക് ഗുണപ്രദമാകുന്നില്ല എന്നതാണ് വസ്തുത.

കഴിഞ്ഞ സാമ്പത്തികവർഷത്തെ (2014-15) പട്ടികജാതി പ്രത്യേക ഘടക പദ്ധതിയിൽ കേവലം 51%വും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള വികസന പ്രവർത്തനങ്ങളിൽ 40%വും മാത്രമാണ് മാർച്ച് 20 വരെയുള്ള കാലയളവിൽ ചെലവഴിക്കാനായിട്ടുള്ളത്. മാത്രവുമല്ല നവംബർ 2014 വരെയുള്ള കണക്കുകൾ പരിശോധിച്ചാൽ SCSPയുടെ 28% മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. അതായത് ജനുവരി ഫെബ്രുവരി മാർച്ച് മാസങ്ങളി ലാണ് വകയിരുത്തുന്ന തുകയുടെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്നത്. ഇത് നടപ്പിലാക്കപ്പെടുന്ന പദ്ധതികളുടെ ഗുണനിലവാരത്തെ ബാധിക്കുന്നു വെന്ന് മാത്രമല്ല വലിയ തോതിലുള്ള അഴിമതിക്കും അനഭിലഷണീയമായ ഇടപെടലുകൾക്കും വഴിവയ്ക്കുന്നു.




Public Expenditure review committee Report



## സംസ്ഥാന ബജറ്റും ട്രൈബൽ സബ് പ്ലാനും(TSP)

2011 ലെ സെൻസസ് രേഖകൾ പ്രകാരം സംസ്ഥാന ജനസംഖ്യയുടെ 1.45% ആണ് ആദിവാസികൾ. സംസ്ഥാനത്തെ പതിനാല് ജില്ലകളിലായി ചിതറിക്കിടക്കുന്ന ആദിവാസികളിൽ ഏറ്റവും കൂടുതലുള്ളത് വയനാട് ജില്ലയിലും(31.24%) കുറവ് ആലപ്പുഴ ജില്ലയിലുമാണ്(1.36%). വയനാട് ഒഴികെ ഒരു ജില്ലയിലും മൊത്തം ജനസംഖ്യയുടെ 5%ത്തിൽ അധികം ആദിവാസികളില്ല. സംസ്ഥാനത്തെ 484839 ആദിവാസികളുടെ ഈ വികേന്ദ്രീകൃത വിതരണം രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളിൽ ഒരു നിർണ്ണായക ഘടകമാണ്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പട്ടികവർഗ്ഗ ലിസ്റ്റിൽ 36 ആദിവാസി വിഭാഗങ്ങളാണുള്ളത്. ഇതിൽ 500താഴെ മാത്രം ജനസംഖ്യയുള്ള പതിനൊന്ന് ആദിവാസി വിഭാഗങ്ങളും 50ൽ താഴെ മാത്രം ജനസംഖ്യയുള്ള കോട്ട, കമാറ, കൊച്ചുവേലൻ, കൊണ്ടകപ്പു എന്നീ വിഭാഗങ്ങളും ഉൾപ്പെടും. സംസ്ഥാനത്തെ 100897 ആദിവാസി കുടുംബങ്ങൾ 4645 ട്രൈബൽ കോളനികളിലാണ് ജീവിക്കുന്നത്. മൊത്തം ആദിവാസി കുടുംബങ്ങളുടെ 93% വരുമിത്. ആദിവാസി ജനസംഖ്യയുടെ 85% പേരും കർഷകതൊഴിലാളികളും കൂലിവേലക്കാരുമാണ്. ആദിവാസി വിഭാഗങ്ങളിലെ കൃഷിക്കാരുടെ ദേശീയ ശരാശരി 44.7% ആയിരിക്കുമ്പോൾ കേരളത്തിലിത് 11.2% മാത്രമാണ്.

നിരന്തരമായി അപഹരിക്കപ്പെട്ട് അരികുകളിൽ നിന്ന് അരികുകളിലേയ്ക്ക് ആട്ടിപ്പായിക്കപ്പെട്ടതാണ് ആദിവാസികളുടെ ചരിത്രം. അനുസ്യൂതമായി തുടരുന്ന അഭയാർത്ഥി പ്രവാഹമാണ് കേരളത്തിലെ ആദിവാസി ജീവിതങ്ങൾ. കൊളോണിയൽ ഭരണകൂടം തോട്ടങ്ങൾക്കു വേണ്ടി കാടുകളിലെ ഫലഭൂയിഷ്ഠമായ ഭൂമിയിൽ നിന്ന് അവരെ കുടിയിറക്കി. രണ്ടാം ലോക മഹായുദ്ധം സൃഷ്ടിച്ച സാമ്പത്തിക അനിശ്ചിതത്വത്തിന്റെ കാലഘട്ടത്തിൽ കൂടുതൽ ഭക്ഷണത്തിനെന്ന പേരിൽ ആദിവാസി മേഖലകളിലേയ്ക്ക് വൻതോതിൽ നടന്ന കയ്യേറ്റത്തെ സർക്കാർ പ്രോത്സാഹിപ്പിച്ചു. തുടർന്ന് നിലവിൽ വന്ന ജനകീയ സർക്കാറിന്റെ കാലത്ത് കേരളത്തിന്റെ മുഖ്യ അധിവാസ കേന്ദ്രങ്ങളിൽ

| നമ്പർ | ജില്ല | ആകെ ജനസംഖ്യ | പട്ടികവർഗ്ഗ ജനസംഖ്യ | | സംസ്ഥാന ജനസംഖ്യയിൽ പട്ടികവർഗ്ഗക്കാർ |
|---|---|---|---|---|---|
| | | | എണ്ണം | % | |
| 1 | തിരുവനന്തപുരം | 3301427 | 26759 | 5.52 | 0.81 |
| 2 | കൊല്ലം | 2635375 | 10761 | 2.22 | 0.41 |
| 3 | പത്തനംതിട്ട | 1197412 | 8108 | 1.67 | 0.68 |
| 4 | ആലപ്പുഴ | 2127789 | 6574 | 1.36 | 0.31 |
| 5 | കോട്ടയം | 1974551 | 21972 | 4.53 | 1.11 |
| 6 | ഇടുക്കി | 1108974 | 55815 | 11.51 | 5.03 |
| 7 | എറണാകുളം | 3282388 | 16559 | 3.42 | 0.50 |
| 8 | തൃശ്ശൂർ | 3121200 | 9430 | 1.94 | 0.30 |
| 9 | പാലക്കാട് | 2809934 | 48972 | 10.10 | 1.74 |
| 10 | മലപ്പുറം | 4112920 | 22990 | 4.74 | 0.56 |
| 11 | കോഴിക്കോട് | 3086293 | 15228 | 3.14 | 0.49 |
| 12 | വയനാട് | 817420 | 151443 | 31.24 | 18.53 |
| 13 | കണ്ണൂർ | 2353003 | 41371 | 8.53 | 1.64 |
| 14 | കാസർഗോഡ് | 1307375 | 48857 | 10.08 | 3.74 |
| | ആകെ | 33406061 | 484839 | 100.00 | 1.45 |

നിന്ന് പ്രത്യേകിച്ച് മധ്യതിരുവിതാംകൂറിൽ നിന്നുള്ളവർ വൻതോതിലുള്ള ആദിവാസി ഭൂമി കയ്യേറ്റമാണ് നടത്തിയാത്. 70കളുടെ അവസാനത്തോടുകൂടി ഈ കയ്യേറ്റ ഭൂമിയ്ക്ക് നിയമപരമായ സാധുതയും നൽകി. പല ഘട്ടങ്ങളിലായി നടന്ന ഈ കയ്യേറ്റ പ്രക്രിയയിൽ ആദിവാസികൾക്ക്  ഭൂമി മുഴുവൻ നഷ്ടപ്പെടുകയും കയ്യേറ്റക്കാരുടെ കൂലിപ്പണിക്കാരായി ആദിവാസികൾ മാറ്റപ്പെടുകയും അവർ ഭൂരിപക്ഷമായിരുന്ന സ്ഥലങ്ങളിൽ ന്യൂനപക്ഷമായി മാറുകയും ചെയ്തു.

| സംസ്ഥാന ബജറ്റ് 2015-16 | പദ്ധതി അടങ്കൽ (കോടിയിൽ) | സംസ്ഥാനം | കേന്ദ്രാവിഷ്കൃതം | ആകെ |
|---|---|---|---|---|
| | 2015-16 | 20,000 | 7686.32 | 27686.32 |
| | TSP | 604.49 | 85.86 | 690.35 |
| | TSP (%) | 3.02 | 1.12 | 2.49 |

സംസ്ഥാന ബജറ്റിൽ കഴിഞ്ഞ വർഷം മുതൽ പട്ടികവർഗ്ഗ ജനസംഖ്യാനുപാതത്തെക്കാൾ TSPയ്ക്ക് പണം വകയിരുത്തുന്നുണ്ട് എന്നുള്ളത് അഭിനന്ദനാർഹമായ കാര്യമാണ്. അപ്പോൾ പോലും കഴിഞ്ഞ വർഷത്തെക്കാൾ കുറവാണ് ഇത്തവണ വകയിരുത്തിയിരിക്കുന്ന 2.41% എന്ന് പറയേണ്ടിയിരിക്കുന്നു. TSPയിൽ നീക്കി വച്ചിരിക്കുന്ന 690.35 കോടിയിൽ 551.14 കോടി രൂപ പട്ടികവർഗ്ഗ വകുപ്പിനും ബാക്കി വരുന്ന 139.21 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് ലഭിക്കുന്നത്.



**............അപ്പോൾ പോലും കഴിഞ്ഞ വർഷത്തെക്കാൾ കുറവാണ് ഇത്തവണ വകയിരുത്തിയിരിക്കുന്ന 2.41% എന്ന് പറയേണ്ടിയിരിക്കുന്നു. TSPക്കായി നീക്കി വച്ചിരിക്കുന്ന 690.35 കോടിയിൽ 551.14 കോടി രൂപ പട്ടിക വർഗ്ഗ ക്ഷേമവകുപ്പിനും ബാക്കി വരുന്ന 139.21 കോടി രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമാണ് ലഭിക്കുന്നത്.**

| പട്ടികവർഗ്ഗ വകുപ്പിന് ലഭ്യമായ തുക (കോടിയിൽ) | വിദ്യാഭ്യാസം | അടിസ്ഥാന സൗകര്യ വികസനം | സംരഭകത്വം, മറ്റ് ക്ഷേമകാര്യ പരിപാടികൾ | ഭരണവും നടത്തിപ്പും | ആരോഗ്യം |
|---|---|---|---|---|---|
| 551.14 | 135.55 (24.59) | 181.03 (32.85%) | 156.31 (28.36%) | 60.5 (10.98%) | 17.75 (3.22%) |

പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള പദ്ധതികളെ വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യം, സംരഭകത്വം-ക്ഷേമ പരിപാടികൾ, ഭരണവും നടത്തിപ്പും, ആരോഗ്യം എന്നിങ്ങനെ അഞ്ചായി തരംതിരിക്കാം. ഇതിൽ ഭവനനിർമ്മാണം, ഭൂമി വാങ്ങൽ മുതലായ അടിസ്ഥാനസൗകര്യ വികസനത്തിനായാണ് ഏറ്റവും കൂടുതൽ(32.85%) തുക വകയിരുത്തിയിരിക്കുന്നത്. ഏറ്റവും കുറവ് (3.22%) ആരോഗ്യത്തിനും വകയിരുത്തിയിരിക്കുന്നു. വിദ്യാഭ്യാസം, സംരഭകത്വം, ഭരണവും നടത്തിപ്പും തുടങ്ങിയവക്ക് യഥാക്രമം 24.59%, 28.36%, 10.98% തുക വകയിരുത്തിയിരിക്കുന്നു. വാർഷിക അടങ്കലിൽ 48.62 കോടി രൂപ(8.85%) മൂലധന ചെലവുകൾക്കായി ബജറ്റിൽ നീക്കി വച്ചിരിക്കുന്നു.

# വിദ്യാഭ്യാസം

TSPയിൽ വിദ്യാഭ്യാസത്തിനായി നീക്കി വച്ചിരിക്കുന്ന 135.55 കോടിയിൽ 45.20 (33.3%) കോടി രൂപയും മൂലധന ചെലവുകൾക്കായാണ് നീക്കി വച്ചിരിക്കുന്നത്. ഈ തുകയിൽ 56.8% പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിനും ബാക്കി വരുന്നത് പ്രീ മെട്രിക് വിദ്യാഭ്യാസത്തിനുമാണ് നീക്കി വച്ചിരിക്കുന്നത്. പത്താം ക്ലാസ്സിന് താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 50.95%വും പ്ലസ്സ് ടു തലം മുതലുള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 56.8%വും നീക്കി വച്ചിരിക്കുന്നു. അതായത് വിദ്യാഭ്യാസം ചെയ്യുന്ന ആദിവാസി വിഭാഗത്തിൽ പെട്ട 84384 കുട്ടികളിൽ പ്ലസ്സ്ടു തലത്തിന് മുകളിലേയ്ക്ക് പഠിക്കുന്ന 8143(9.64%) കുട്ടികൾക്കായി ബജറ്റിന്റെ 56.8% നീക്കിവച്ചിരിക്കുന്നത്. മാത്രവുമല്ല വിദ്യാഭ്യാസത്തിനായി നീക്കി വച്ചിരിക്കുന്ന തുകയിൽ 40കോടി(46.64%) രൂപയും നീക്കി വച്ചിരിക്കുന്നത് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക്(MRS) മാത്രമാണ്. സ്കൂൾ വിദ്യാർത്ഥികളായ ആദിവാസികളിൽ കേവലം 5676(8%) കുട്ടികൾ മാത്രമാണ് MRSൽ പഠിക്കുന്നത്!

| ഇനം | തുക (കോടിയിൽ) | % |
|---|---|---|
| മെട്രികുലേഷന് ശേഷമുള്ള സ്ക്കോളർഷിപ്പുകൾ | 25 | 27.9 |
| പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തൽ (100% കേന്ദ്രാവിഷ്കൃതം) | 3.45 | 3.85 |
| 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്രാവിഷ്കൃതം) | 5 | 5.5 |
| മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളുടെ പരിപാലനം | 40 | 44.67 |
| പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഇൻസെന്റീവും വിദ്യാഭ്യാസ ധനസഹായവും | 2.1 | 2.35 |
| വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് | 0.8 | 0.8 |
| പോസ്റ്റ് മെട്രിക് ഹോസ്റ്റൽ പട്ടികവർഗ്ഗയുവാക്കൾക്കുള്ള സ്വയംതൊഴിലും വൈദഗ്ദ്യപരിശീലനവും | 3 | 3.34 |
| ഐ.ഇ.സി പ്രൊജക്ട് | 1.5 | 1.67 |
| പട്ടികവർഗ്ഗ വംശീയ വൈദ്യന്മാർക്കുള്ള ധനസഹായം | 0.25 | 0.27 |
| പട്ടികവർഗ്ഗക്കാർക്കിടയിൽ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ | 6.5 | 7.25 |
| ഗുരുകുലം പദ്ധതി | 1 | 1.11 |
| ആകെ | 89.6 | 100 |




| സർക്കാർ - പ്രൈവറ്റ് കോളജുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗത്തിൽപെട്ട കുട്ടികളുടെ വിവരങ്ങൾ | | | |
|---|---|---|---|
| കോഴ്സ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| B.A | 676 | 1184 | 1860 |
| B.Sc | 298 | 514 | 812 |
| B.Com | 266 | 368 | 634 |
| M.A | 119 | 259 | 378 |
| M.Sc | 108 | 170 | 278 |
| M.Com | 25 | 72 | 97 |
| **Total** | **1492** | **2567** | **4059** |

ആസൂത്രണ ബോർഡിന്റെ 2013ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം ആദിവാസി വിഭാഗത്തിൽപെട്ട 3428 കുട്ടികൾ മാത്രമാണ് ഉപരിപഠനത്തിൽ ഏർപ്പെട്ടിരിക്കുന്നത്. ഇതിൽ 61%വും പെൺകുട്ടികളാണ്. ഈ വിദ്യാർത്ഥികളിൽ 84%വും ഡിഗ്രി കോഴ്സുകൾക്കാണ് പഠിക്കുന്നത്.. ബിരുദാനന്തര പഠനം നടത്തുന്നവർ വെറും 561 കുട്ടികൾ മാത്രമാണ്. TSPയിൽ വകയിരുത്തുന്ന പണവും നിലവിലെ ആദിവാസികളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയും തമ്മിൽ വലിയ അന്തരമുണ്ടെന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. MRSകളിലും പ്രീമെട്രിക് ഹോസ്റ്റലുകളിലും ഉൾക്കൊള്ളാൻ കഴിയുന്നതിനെക്കാൾ കൂടുതൽ കുട്ടികൾ ഇപ്പോൾ തന്നെ അവിടെയുണ്ട്. ഇത് ആദിവാസി സമൂഹത്തിന് വിദ്യാഭ്യാസത്തോടുള്ള ചോദനയെയാണ് കാണിക്കുന്നത്. പക്ഷേ അതിനോട് സർക്കാരിന് ബജറ്റിലൂടെ അനുകൂലമായി പ്രതികരിക്കാനാകുന്നില്ല എന്ന ഗുരുതരമായ പ്രശ്നം നിലനിൽക്കുന്നുണ്ട്.

## ആദിവാസി ഭവനനിർമ്മാണവും TSPയും

SCP ഫണ്ടിന്റെ കാര്യത്തിൽ കണ്ടതുപോലെ TSPയുടെ കാര്യത്തിലും വകയിരുത്തുന്ന തുക ചെലവാക്കപ്പെടുന്നില്ല എന്നുള്ളതാണ് പ്രധാന പ്രശ്നം. ജീവിത സൂചികകളുടെ ഏത് ഏകകം കൊണ്ട് അളന്നാലും കേരളത്തിലെ ദരിദ്രരിൽ ദരിദ്രരാണ് ആദിവാസികളെന്ന കാര്യത്തിൽ തർക്കത്തിന് സ്ഥാനമില്ല. പക്ഷേ അവിടെ പോലും അനാസ്ഥയും കെടുകാര്യസ്ഥതയും

| വർഷം | അനുവദിച്ചത് | പൂർത്തിയായത് | % |
|---|---|---|---|
| 2007–08 | 368 | 272 | 73.90 |
| 2008–09 | 509 | 224 | 44.00 |
| 2009–10 | 1925 | 944 | 49.03 |
| 2010–11 | 1996 | 1024 | 51.30 |
| 2011–12 | 1251 | 367 | 29.33 |
| 2012–13 | 864 | 271 | 33.70 |
| ആകെ | 6853 | 3102 | 45.26 |



**ആറ് വർഷത്തിനിടയിൽ TSP ഫണ്ട് ഉപയോഗിച്ച് 6853 വീടുകൾ നിർമ്മിക്കാൻ അനുമതി നൽകിയെങ്കിലും 3102 വീടുകൾ മാത്രമാണ് പൂർത്തിയായത്.**

ആണ് TSP ഫണ്ട് വിനിയോഗത്തിലെ മുഖമുദ്ര എന്നു പറയേണ്ടിവരും. ഉദാഹരണമായി 2007 മുതൽ 2012 വരെയുള്ള ഭവനനിർമ്മാണത്തിന്റെ കണക്കുകൾ പരിശോധിക്കുക.

ആറ് വർഷത്തിനിടയിൽ TSP ഫണ്ട് ഉപയോഗിച്ച് 6853 വീടുകൾ നിർമ്മിക്കാൻ അനുമതി നൽകി എങ്കിലും 3102 വീടുകൾ മാത്രമാണ് പൂർത്തിയായത്. അതായത് ലക്ഷ്യം വച്ചതിന്റെ 45.26% മാത്രം. ഭവന നിർമ്മാണത്തിൽ മാത്രമല്ല വികസന പദ്ധതികളുടെ മിക്കവാറും അവസ്ഥ ഏതാണ്ട് ഇതുപോലെ തന്നെയാണ്. മാത്രവുമല്ല ഡിസംബർ മാസത്തിൽ 30%ൽ താഴെ മാത്രം പുരോഗതി കാണിക്കുന്ന പദ്ധതി നിർവ്വഹണം രണ്ട് മാസം കൊണ്ട് പെട്ടെന്ന് 50–55% ആയി മാറുന്നതിനിടയിൽ നഷ്ടമാകുന്നത് ആദിവാസികൾക്ക് അവകാശപ്പെട്ട ഫണ്ടും നടപ്പിലാക്കപ്പെടുന്ന പദ്ധതികളുടെ ഗുണമേന്മയുമാണ്.

## TSPയും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളും

| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ | ആകെ തുക വകയിരുത്തിയത് (കോടിയിൽ) | TSP വകയിരുത്തിയത് | % TSP യിൽ |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2685.59 | 82.36 | 59.16 |
| ബ്ലോക്ക് പഞ്ചായത്ത് | 622.98 | 27.45 | 19.71 |
| ജില്ലാപഞ്ചായത്ത് | 622.98 | 27.45 | 19.71 |
| മുനിസിപ്പാലിറ്റി | 491.38 | 19.30 | 1.38 |
| കോർപ്പറേഷൻ | 377.05 | 0 | 0 |
| ആകെ | 4800.00 | 139.21 | 20.16 |

**TSP ഫണ്ടിൽ നിന്ന് ഒരു രൂപ പോലും ചെലവാക്കാത്ത പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും ഉണ്ടെന്ന കമ്മിറ്റിയുടെ കണ്ടെത്തലിൽ ഒരു ചർച്ച പോലും നടന്നില്ല**




Report of the public expenditure review committee

TSPയുടെ മൊത്തം ബജറ്റ് വിഹിതത്തിന്റെ 20.16%വും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കായാണ് നീക്കി വയ്ക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കി വച്ചിരിക്കുന്ന തുകയിൽ 59% വും ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് എന്നിവയ്ക്ക് യഥാക്രമം 19.71% വീതവും മുൻസിപ്പാലിറ്റികൾക്ക് 1.38% തുകയുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ TSP ഫണ്ടിന്റെ ഉപയോഗം സംബന്ധിച്ച വ്യാപകമായ പരാതികൾ നിലനിൽക്കുന്നുണ്ട്. പഞ്ചായത്തുകളിൽ TSP ഫണ്ട് പൂർണ്ണമായി ചെലവഴിക്കുന്നില്ലെന്ന് 2013ലെ പബ്ലിക് എക്സ്പെൻഡിച്ചർ കമ്മിറ്റി നിരീക്ഷിച്ചിരുന്നു. TSP ഫണ്ടിൽ നിന്ന് ഒരു രൂപ പോലും ചെലവാക്കാത്ത പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും ഉണ്ടെന്ന കമ്മിറ്റിയുടെ കണ്ടെത്തലിൽ ഒരു ചർച്ച പോലും നടന്നില്ല എന്നുള്ളതാണ് ദുഃഖകരമായ വസ്തുത.



## പൊതുവായ നിരീക്ഷണങ്ങൾ നിർദ്ദേശങ്ങൾ

**ദലിത് ആദിവാസി മേഖലയിൽ** പ്രവർത്തിക്കുന്ന വിവിധ സംഘടനകളേയും വിദഗ്ദ്ധരേയും പങ്കെടുപ്പിച്ചുകൊണ്ട് 25 വർഷമെങ്കിലും മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു സമഗ്രമായ ദലിത് ആദിവാസി വികസന നയം രൂപീകരിക്കണം.

**കഴിഞ്ഞ രണ്ട് പഞ്ചവത്സര പദ്ധതി**ക്കാലത്തും SCPക്കായി നീക്കി വച്ച തുകയിൽ ചെലവഴിക്കാതെ പോയ തുകകണക്കാക്കി തത്തുല്യമായ തുകയ്ക്കുള്ള ഒരു സ്പെഷ്യൽ പാക്കേജ് വിവിധ മേഖലകളിൽ നടപ്പാക്കുക.

**SCSP/TSP ഫണ്ട്** വിനിയോഗവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ സാമുദായിക സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മോണിറ്ററിംഗ് സമിതിയെ നിയമിക്കുകയും അവർക്ക് ഓണറേറിയം ഉൾപ്പെടെയുള്ള പ്രവർത്തന ഫണ്ട് അനുവദിക്കുകയും ചെയ്യുക.

**ബജറ്റിൽ നീക്കി വയ്ക്കുന്ന തുക** പൂർണ്ണായും ദലിത് ആദിവാസികൾക്ക് ഒരു അവകാശം എന്ന നിലയിൽ ലഭ്യമാക്കുന്നതിനും അനാസ്ഥ വരുത്തുന്ന ഉദ്യോഗസ്ഥരെ ശിക്ഷിക്കുകയും ചെയ്യുന്ന രീതിയിൽ SCSP, TSP എന്നിവ ആന്ധ്ര കർണ്ണാടക മാതൃകയിൽ നിയമമാക്കുക.

**സാമ്പത്തിക വർഷത്തെ അവസാന മാസങ്ങളിൽ** പദ്ധതി തിടുക്കത്തിൽ നടപ്പിലാക്കുന്ന രീതി അവസാനിപ്പിക്കുകയും എല്ലാ മൂന്ന് മാസം കൂടുമ്പോൾ പദ്ധതി നടത്തിപ്പ് പരിശോധിച്ച് വിശദമായ റിപ്പോർട്ട് പൊതു ജനങ്ങൾക്കു കൂടി ലഭ്യമാകുന്ന രീതിയിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുക.

**ഭവന നിർമ്മാണം, ഭൂമി, തൊഴിൽ, സ്വയം തൊഴിൽ** മേഖലകളിൽ നിലവിലെ സ്ഥിതിവിവരക്കണക്കുകൾക്ക് അനുസൃതവും കാലോചിതവുമായ വികസന പരിപാടികൾ രൂപീകരിക്കണം.

**സ്വയം തൊഴിൽ സംരഭകത്വം എന്നീ മേഖലകളിൽ** വളരെ പരിമിതമായ തുക മാത്രമാണ് ബജറ്റിൽ വകയിരുത്തുന്നത്. ഈ മേഖലയിൽ ബജറ്റിന്റെ തോത് വർദ്ധിപ്പിക്കുകയും സ്വയം സംരഭകത്വ പരിശീലന കേന്ദ്രങ്ങളും ഇൻക്യുബേഷൻ സെന്ററുകളും സ്ഥാപിക്കുക.

**പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക്** ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലും കമ്പ്യൂട്ടറിലും മികച്ച പരിശീലനം നൽകുന്നതിന് 14 ജില്ലകളിലും പത്ത് പരിശീലനകേന്ദ്രങ്ങൾ വീതം സ്ഥാപിക്കുക.

**പട്ടികജാതി പട്ടിക വർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക്** പ്രൊഫഷണൽ കോഴ്സുകൾക്കും ഉന്നത വിദ്യാഭ്യാസ മേഖലയിലും പ്രവേശനം ലഭിക്കുന്നതിനുള്ള എൻട്രൻസ് കോച്ചിംഗ്, തൊഴിൽ മാർഗ്ഗനിർദ്ദേശങ്ങൾ, പ്ലെയ്സ്മെന്റ് എന്നിവ സൗജന്യമായി നൽകുന്നതിനുള്ള മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

**നിലവിലുള്ള എംആർഎസ്സ് കളുടെ എണ്ണം** അത് ആവശ്യമുള്ള ആദിവാസികുട്ടികളുടെ എണ്ണവുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പരിമിതമാണ്. അതുകൊണ്ട് കൂടുതൽ എംആർ എസ്സുകൾ സ്ഥാപിക്കുന്നതിനുള്ള തുക ബജറ്റിൽ വകയിരുത്തുക.

**കേരളത്തിലെ പട്ടികജാതി കുട്ടികൾക്കായുള്ള** പ്രി- മെട്രിക് ഹോസ്ററലുകൾ തീർത്തും പരിതാപകരമായ അവസ്ഥയിലാണ്. കേരളത്തിലെ എല്ലാ ജില്ലകളിലും സ്വന്തമായി സ്ഥലവും ആവശ്യത്തിന് കെട്ടിടങ്ങളുമുള്ള 50 ഹോസ്റ്റലുകളെ

മികവിന്റെ കേന്ദ്രങ്ങളായി മാറ്റാൻ ആവശ്യമായ തുക ബജറ്റിൽ വകയിരുത്തുക.

**പട്ടികജാതി, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക്** സ്കൂളിൽ ഇപ്പോൾ നൽകി വരുന്ന ലംപ്സം ഗ്രാന്റ് പദ്ധതി ഒട്ടു പ്രയോജനപ്രദമല്ല. ആയതിനാൽ വിദ്യാർത്ഥികൾക്ക് പഠന, പഠനാനുബന്ധ സാമഗ്രികൾ വാങ്ങുന്നതിന് പര്യാപ്തമായ തുക ഓരോ വർഷവും അനുവദിക്കുക.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാർ** സൗജന്യമായി നൽകുന്ന വീടുകളുടെ വിസ്തീർണ്ണം കുറഞ്ഞത് 720 ചതുരശ്ര അടി എങ്കിലുമായി ഉയർത്തുകയും വീടൊന്നിന് കുറഞ്ഞത് 4–5 ലക്ഷം രൂപ നിർമ്മാണത്തിനായി നൽകുകയും വേണം. കാലാകാലങ്ങളിലുള്ള സാധന/ഇന്ധന/പണിക്കൂലി വ്യത്യാസങ്ങൾക്കനുസരിച്ചും പ്രാദേശികമായി നിലവിലുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതയും അവ യഥാസ്ഥലത്ത് എത്തിക്കുന്നതിനുള്ള വഴി സൗകര്യവും കണക്കിലെടുത്തു വേണം ഈ തുക നിശ്ചയിക്കുവാൻ.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യമായി** ഭൂമി വാങ്ങാനും വീടു വയ്ക്കാനുമുള്ള പദ്ധതിയിൽ സ്ഥലം വാങ്ങുന്നതിന് പ്രാദേശികമായി നിലനിൽക്കുന്ന ഭൂമിയുടെ വിലയ്ക്കനുസരിച്ചുള്ള തുക അനുവദിക്കണം.

**സർക്കാർ സഹായത്തോടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ** വാങ്ങുന്ന ഭൂമിയും വീടും നിശ്ചിത കാലത്തേയ്ക്ക് ക്രയവിക്രയം നടത്താൻ പാടില്ലെന്ന ചട്ടം റദ്ദാക്കുക.

**വിദേശ രാജ്യങ്ങളുമായി കയറ്റുമതി/ഇറക്കുമതി** കച്ചവടബന്ധങ്ങളിൽ ഏർപ്പെടുന്നതിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണവും ധനസഹായവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകുക.

**സ്പെഷ്യൽ ഇക്കണോമിക് സോണുകളിൽ** പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം നൽകുക. അവിടെ

സംരംഭകത്വം ആരംഭിക്കുന്നതിനുള്ള പ്രാഥമിക മൂലധനം പലിശ രഹിതമായി സർക്കാർ നേരിട്ട് നൽകുക.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക്** സ്വയം സംരംഭകത്വത്തിലേർപ്പെടുന്നതിനുള്ള വായ്പകൾ പലിശ രഹിതമാക്കുകയും അത് സർക്കാർ ജാമ്യത്തിൽ നൽകുകയും ചെയ്യുക. ഇതിനാവശ്യമുള്ള പണം SCSP/TSP ഫണ്ടിൽ നിന്നും വകയിരുത്തുക.

**സർക്കാർ ആവശ്യങ്ങൾക്കായി** വാങ്ങുന്ന ഉത്പന്നങ്ങളുടെ 10% പട്ടികജാതി പട്ടികവർഗ്ഗ സംരംഭകരുടെതാകണമെന്ന് നിഷ്കർഷിക്കുക.

**കൃഷി ചെയ്തു ജീവിക്കാൻ താത്പര്യപ്പെടുന്ന** പട്ടികജാതി കുടുംബങ്ങൾക്ക് ഉപയോഗയോഗ്യമായ മൂന്നേക്കർ ഭൂമി വീതം സൗജന്യമായി നൽകുക. പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 5-10 ഏക്കർ വീതം കൃഷിഭൂമി നൽകുക.

**വനാന്തർഭാഗത്തു നിന്നും നാട്ടിലേയ്ക്കും** നാട്ടിൽ നിന്ന് നഗരത്തിലേയ്ക്കും മാറി താമസിക്കാൻ താത്പര്യമുള്ള ആദിവാസി കുടുംബങ്ങൾക്ക് അതിനനുസരിച്ചുള്ള ഭൂമിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും നൽകാനുള്ള ദീർഘകാലപദ്ധതി നടപ്പിലാക്കുക.

**പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി** മാധ്യമ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി പ്രത്യേക ഫണ്ടും വിദഗ്ധപരിശീലനവും നൽകുക. സർക്കാർ പരസ്യങ്ങളുടെ 25% ഇത്തരം സ്ഥാപനങ്ങൾക്ക് നൽകുക.

**നിലവിൽ ഉന്നത വിദ്യാഭ്യാസം നടത്തുന്ന** പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും ആർട്സ് വിഷയങ്ങളാണ് പഠിക്കുന്നത്. കൂടുതൽ ജോലി സാധ്യതയുള്ള നൂതനവും കാലോചിതവുമായ കോഴ്സുകളിലേയ്ക്ക് പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ എത്തിക്കുന്ന രീതിയിൽ ഉന്നത വിദ്യഭ്യാസ രംഗം പുനഃക്രമീകരിക്കുകയും ചെയ്യുക.

**പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ** ജനസംഖ്യാനുപാതികമായ തുക വാർഷിക പദ്ധതിയുടെ മൊത്തം തുകയിൽ നിന്നും നീക്കി വയ്ക്കുക.

**പരമ്പരാഗത പദ്ധതികൾ കർശനമായ** വിലയിരുത്തലുകൾക്ക് വിധേയമാക്കി പുനഃസൃഷ്ടിക്കുകയോ പുനഃക്രമീകരിക്കുകയോ ചെയ്യുക.

# 2015-16

## സംസ്ഥാന ബജറ്റ്:
# ദലിതരും ആദിവാസികളും

**കണക്കുകൾ അറിയുകയെന്നതും കണക്കു ചോദിക്കുക എന്നതും ദലിതുകളെയും ആദിവാസികളെയും സംബന്ധിച്ചെടുത്തോളം ഒരു ജനാധിപത്യപ്രവർത്തനമാണ്. ബജറ്റിൽ മാറ്റി വെക്കുന്ന തുക എങ്ങനെ ചിലവഴിക്കണമെന്ന് അറിയാനുള്ള അവകാശം ദലിതുകൾക്കും ആദിവാസികൾക്കും ഉണ്ട്. ബജറ്റ് വിഹിതത്തിന്റെ ഓരോ രൂപയും എങ്ങനെ ചെലവഴിക്കണമെന്ന് അവർ തീരുമാനിക്കുന്ന തലത്തിലേക്ക് വികസന അജണ്ടകൾ പൊളിച്ചെഴുതണം.**

RIGHTS
TC 16/1051, JRA-163, CS Road, Jagathy, Trivandrum 14
Tel: 0471 2326455, 9895853646
rightsfirst@gmail.com, www.rights.asia